പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *362

25.06.2014 ന് മറുപടിയ്ക്ക്

# "നൈപുണ്യം സമ്മിറ്റ്"

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ അച്ചുതൻ :<br>ശ്രീ. പി.സി. വിഷ്ണുനാഥ് :<br>ശ്രീ.എ.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. വി.റ്റി. ബൽറാം : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നൈപുണ്യം സമ്മിറ്റ് സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2014 ജനുവരി 20, 21 എന്നീ തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നൈപുണ്യം സമ്മിറ്റ് സംഘടിപ്പിച്ചിക്കുകയുണ്ടായി. |
| (ബി) അതിന്റെ ലക്ഷ്യങ്ങളെന്തെല്ലാമാണ്; വിശദാംശങ്ങൾ നല്കാമോ ; | (ബി) ആധുനിക മേഖലകളിൽ ഉരുത്തിരിയുന്ന വിവിധ നൂതന തൊഴിൽ മേഖലകളിലേക്ക് ശാസ്ത്രീയമായി തീവ്ര പരിശീലനം നൽകി അതിവിദഗ്ദ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകുക എന്നതാണ് ഈ ഉച്ച കോടി കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി വ്യവസായ പങ്കാളികളുമായി ചേർന്ന് നിർമ്മാണം, സുരക്ഷ, ആരോഗ്യ ശുശ്രൂക്ഷ, വ്യോമയാനം, ഓട്ടോമൊബൈൽ, ഹൈടെക് ഓട്ടോമേഷൻ, റീട്ടയിൽ, ടൂറിസം, ഹോസ്പിറ്റാലിറ്റി തുടങ്ങിയ മേഖലകളിൽ പരിശീലനവും തൊഴിലും ഉറപ്പു നൽകുന്ന അന്താരാഷ്ട്ര തലത്തിൽ വൈദഗ്ദ്ധ്യമുള്ള പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. 2022 ൽ 500 ദശലക്ഷം യുവാക്കൾക്ക് തൊഴിൽ വൈദഗ്ദ്ധ്യം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാർ രൂപപ്പെടുത്തിയ National Skill Mission Policy യുടെ ഭാഗമായാണ് 2014 ജനുവരിയിൽ International Skill Summit സംഘടിപ്പിച്ചത് |
| (സി) രാജ്യാന്തര നിലവാരത്തിൽ തൊഴിൽ വൈദഗ്ദ്ധ്യമുള്ള യുവാക്കളെ സൃഷ്ടിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് സമ്മിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ; | (സി) തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെയും തൊഴിൽ പരിശീലകരുടെയും പാഠ്യപദ്ധതികളുടെയും ഗുണമേന്മ വർദ്ധിപ്പിക്കുക, അവശ്യമേഖലകളിൽ നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി അതി വിദഗ്ദ്ധ പരിശീലനം നൽകി അംഗീകൃതമേഖലകളിൽ വിദഗ്ദ്ധ പരിശീലനം ലഭ്യമായ വ്യക്തികളുടെ എണ്ണം വർദ്ധിപ്പിക്കുക എന്നീ |

| | |
|---|---|
| | ഉദ്യമങ്ങൾ മുന്നിൽ കണ്ടുകൊണ്ട് താൽപര്യമുള്ള സ്ഥാപനങ്ങൾ സമർപ്പിച്ചിരിക്കുന്ന പ്രോജക്ടുകൾ വിലയിരുത്തി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതു വഴി രാജ്യാന്തര നിലവാരത്തിൽ തൊഴിൽ വൈദഗ്ധ്യമുള്ള യുവാക്കളെ സൃഷ്ടിക്കുവാൻ സാധിക്കും. |
| (ഡി) പ്രസ്തുത സമ്മിറ്റിന്മേൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നല്കാമോ? | (ഡി) 19 വ്യത്യസ്ത മേഖലകളിൽ നിന്നും 163 Expression of Interest (EoI) ലഭ്യമായിട്ടുണ്ട്. ഓരോ മേഖലകളിലും മികവിന്റെ വ്യത്യസ്ത കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ ലക്ഷ്യമിടുന്നു. പദ്ധതികളുടെ വിദഗ്ദ്ധ പരിശോധനയ്ക്കും വിലയിരുത്തലിനുമായി ടെക്നിക്കൽ കമ്മിറ്റിയെയും എംപവേർഡ് കമ്മിറ്റിയേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള അവസാനഘട്ട നടപടികൾ പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ